കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷന്റെ കീഴിൽ 10 വഷർത്തിലധികമായി ജോലിചെയ്തു വരുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാരെ മുനിസിപ്പൽ കോമൺ സർവ്വീസിലെ മിസലേനിയസ് കേഡറിൽ ഉൾപ്പെടുത്തി സ്ഥിരനിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=============================================================================

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(കൈ) നം.350/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.12.2015

=============================================================================

പരാമർശം:-
1) 01.03.2006-ലെ സ.ഉ (സാധാ) നം.590/06/തസ്വഭവ. നമ്പർ ഉത്തരവ്.
2) കോഴിക്കോട് കോർപ്പറേഷനിലെ UPA ഓർഗനൈസർ മാരുടെ 15.01.2015-ലെ നിവേദനം.
3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.08.2015-ലെ 5446/എഫ്/2015/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 24.11.2015-ലെ ഡി.സി2/15898/15 നമ്പർ കത്ത്.

## ഉത്തരവ്

2014 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വേതനവർദ്ധനവും ജോലിസ്ഥിരതയും ആവശ്യപ്പെട്ട് കമ്മ്യൂണിറ്റി ഓർഗനൈസർമാർ നടത്തിയ നിരാഹാരസമരം, കമ്മ്യൂണിറ്റി ഓർഗനൈസർമാരെ കോർപ്പറേഷൻ സ്ഥിരപ്പെടുത്താമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പിനെ തുടർന്നാണ് ഒത്തുതീർപ്പായത്. ടി ഉറപ്പിന്റെ അടിസ്ഥാനത്തിൽ UPA കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തണമെന്നാണ് കോഴിക്കോട് കോർപ്പറേഷന്റെ കീഴിൽ 10 വർഷത്തിലധികമായി കമ്മ്യൂണിറ്റി ഓർഗനൈസർമാരായി ജോലിചെയ്തു വരുന്ന ശ്രീമതി. എം.പി. ഷീന, ശ്രീമതി. എം. ഗായത്രി, ശ്രീമതി. എൻ സഷിത, ശ്രീമതി. കെ. സതീദേവി, ശ്രീമതി. ടി . നളിനി, ശ്രീമതി. മേരി ഷൈല.പി. (ഷൈല ചാക്കോ) ശ്രീമതി. എൻ സ്മിത, ശ്രീമതി. എം. ലതിക എന്നിവർ ആവശ്യപ്പെട്ടിരിക്കുന്നത്.

കമ്മൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്താൻ 26.07.2010-ലെ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതായി കോഴിക്കോട് നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അപേക്ഷകരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീമതി. എം.പി. ഷീന, ശ്രീമതി. എം. ഗായത്രി, ശ്രീമതി. എൻ. സഷിത, ശ്രീമതി. കെ. സതീദേവി, ശ്രീമതി. ടി . നളിനി, ശ്രീമതി. എൻ സ്മിത, ശ്രീമതി. എം ലതിക, ശ്രീമതി. ഷൈല ചാക്കോ എന്ന മേരി ഷൈല.പി. എന്നിവർ കഴിഞ്ഞ 10 വർഷമായി കോഴിക്കോടു നഗരസഭയിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരായി ജോലി ചെയ്തു വരുന്നു. കോഴിക്കോടു നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ കുടുംബശ്രീ സംവിധാനത്തിൽ തന്നെ ഗാർഹികമാലിന്യശേഖരണത്തിനായി നിയോഗിക്കപ്പെട്ട 600 ൽപ്പരം

അംഗങ്ങളുള്ളതിനാൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തിയാൽ ഇതേ ആവശ്യം ഉന്നയിച്ച് കൂടുതൽ ആൾക്കാരിൽ നിന്നും അപേക്ഷ ലഭിക്കുന്നത് നഗരസഭയ്ക്ക് താങ്ങാനാവാത്ത സാമ്പത്തിക ബാദ്ധ്യത വരുത്തി വയ്ക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് നഗരസഭാ കൗൺസിൽ അംഗീകാരത്തോടെ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് കോർപ്പറേഷന്റെ കീഴിൽ 10 വർഷത്തിലധികമായി കമ്മ്യൂണിറ്റി ഓർഗനൈസർമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി. എം.പി. ഷീന, ശ്രീമതി. എം. ഗായത്രി, ശ്രീമതി. എൻ. സഷിത, ശ്രീമതി. കെ. സതീദേവി, ശ്രീമതി. ടി. നളിനി, ശ്രീമതി. മേരി ഷൈല.പി (ഷൈല ചാക്കോ), ശ്രീമതി. എൻ. സ്മിത, ശ്രീമതി. എം.ലതിക എന്നിവർക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലെ മിസലേനിയസ് കേഡറിൽ ഉൾപ്പെടുത്തി സ്ഥിരം നിയമനം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.പി.എം. മുഹമ്മദ് ഹനീഷ്.ഐ.എ.എസ്.,**
**സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
സെക്രട്ടറി, കോഴിക്കോട് നഗരസഭ.
ബന്ധപ്പെട്ട കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക്.
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**